LIBRARY ARCHIVES Kerala Legislative Assembly

## ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം

17 (*257) ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ സ്വീകരിച്ചുവന്ന നടപടികൾ തുടരുമോ ;

(ബി) ഈ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് പരിഗണിച്ചു വരുന്നത് ;

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിികളുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഉന്നത വിദ്യാഭ്യാസ തലത്തിൽ സാമൂഹിക നീതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉന്നതവിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിന് മുൻ സർക്കാർ സ്വീകരിച്ചുവന്ന നടപടികൾ വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ വേണ്ട ഭേദഗതികൾ വരുത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) താഴെപ്പറയുന്ന പുതിയ പദ്ധതികൾ പരിഗണിച്ചുവരുന്നു.

1. ശാസ്ത്ര സാങ്കേതിക ഗവേഷണപാർക്ക്.

2. ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ.

3. തിരുവനന്തപുരം സംഗീത കോളേജിൽ ഒരു റിക്കോർഡിംഗ് സ്റ്റുഡിയോ.

4. വേൾഡ് ബാങ്ക് സഹകരണത്തോടെ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ ഒരു സാങ്കേതിക സർവ്വകലാശാല.

5. ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ.

6. എല്ലാ യൂണിവേഴ്സിറ്റികളിലും ടീച്ചേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം.

7. കേരളാ സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിനുകീഴിൽ ഒരു ബ്രെയിലി പ്രസും ബ്രെയിലി ഇൻസ്റ്റിറ്റ്യൂട്ടും.

8. കേന്ദ്രസഹായത്തോടെ കോട്ടയം ജില്ലയിൽ ഒരു ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി.

LIBRARY ARCHIVES Kerala Legislative Assembly

9. സംസ്ഥാനത്ത് ഒരു ഓപ്പൺ സർവ്വകലാശാല.

10. കേരളത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശത്തെ ഒരു മികച്ച സർക്കാർ വിദ്യാലയത്തിന് സർക്കാർ സഹായത്തോടെ മോഡേൺ ഇംപോർട്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം ചേർന്നുള്ള പതിനൊന്ന് ഇഞ്ച് ഓട്ടോമാറ്റിക് ടെലസ്കോപ്പ്, വാനനിരീക്ഷണ സമയത്ത് ഫോട്ടോ എടുക്കുന്നതിനുള്ള സംവിധാനം, എൽ.സി.ഡി. പ്രൊജക്ടർ, ലാപ്ടോപ് മുതലായ ഉപകരണങ്ങൾ ഉൾപ്പെടെ ഒരു സി. വി. രാമൻ സെന്റർ.

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(ഡി) ഉന്നതവിദ്യാഭ്യാസ തലത്തിൽ സാമൂഹിക നീതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് മുൻ സർക്കാർ സ്വീകരിച്ചുവന്ന നടപടികൾ വിലയിരുത്തി ആവശ്യമെങ്കിൽ വേണ്ട ഭേദഗതികൾ വരുത്തി നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ മേഖലയിൽ 50% സീറ്റിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസിൽ പ്രവേശനം ഉറപ്പിക്കുവാൻ വേണ്ട നടപടി കൈക്കൊണ്ടുവരുന്നു. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമായ രീതിയിൽ വിവിധ സ്കോളർഷിപ്പുകൾ അനുവദിച്ചുവരുന്നു.

### പൊതുവിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോകൽ

18 (*258) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നത് തടയാൻ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കേരളത്തിലെ അൺഎയ്ഡഡ് വിദ്യാലയങ്ങളെ നിയന്ത്രിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പൊതു വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുകയും അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികൾ കൂടുകയും ചെയ്യുന്ന സ്ഥിതി വിശേഷത്തെക്കുറിച്ച് സമഗ്രമായ വിദഗ്ദ്ധ പഠനത്തിന് തയ്യാറാകുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പൊതുവിദ്യാലയങ്ങളുടെ നിലവാരം നിലനിറുത്താനും ഉയർത്താനുമായി സ്കൂളുകളുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുകയും പഠന നിലവാരം ഉയർത്തുകയും ചെയ്തുകൊണ്ട് കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

† അനുബന്ധം-I

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 13 | കണ്ണൂർ | 162.50.943 | 601.44 | 4721 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ച ഭൂമിയിൽ നിന്നു കൂടിയാണ് വിതരണം ചെയ്തിട്ടുള്ളത്. |
| 14 | കാസർഗോഡ് | 1.32 | 340.75 | 1827 | മുൻകാലങ്ങളിൽ ഏറ്റെടുത്തിട്ടുള്ള മിച്ച ഭൂമിയിൽ നിന്നു കൂടിയാണ് വിതരണം ചെയ്തിട്ടുള്ളത് |
| | ആകെ | 1734.31.943 | 2491.3439 | 16338 | |

## അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 17 (* 257) കാണുക) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റി]

റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

1. ഡിഗ്രിതല വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനം സംബന്ധിച്ച് ഡോ. വിജയൻ കമ്മിറ്റി നൽകിയ റിപ്പോർട്ട് (ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് ഡിഗ്രിതല വിദ്യാഭ്യാസത്തിന് ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായവും ഗ്രേഡിംഗും ഏർപ്പെടുത്തിയത്).

2. യു. ആർ. അനന്തമൂർത്തി കമ്മിറ്റി തയ്യാറാക്കിയ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കരട് നയരേഖ

3. ഡോ. എം. അനന്തകൃഷ്ണൻ അദ്ധ്യക്ഷനായ യൂണിവേഴ്സിറ്റി ആക്ട്സ് റിവ്യൂകമ്മിറ്റിയുടെ റിപ്പോർട്ട്

4. ഡോ. ജേക്കബ് താരു അദ്ധ്യക്ഷനായ പരീക്ഷാ പരിഷ്ക്കരണ കമ്മിറ്റിയുടെ റിപ്പോർട്ട്.

## അനുബന്ധം III

(നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (* 264) കാണുക)

**വൈദ്യുതീകരിക്കേണ്ട കോളനികൾ**

1. കണ്ണൂർ ജില്ല - ഇല്ല
2. എറണാകുളം ജില്ല - ഇല്ല
3. വയനാട് ജില്ല

LIBRARY ARCHIVES Kerala Legislative Assembly